രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അഖിലേന്ത്യാ തലത്തിൽ ഒരു ജില്ലയുടെ ശരാശരി ജനസംഖ്യ 18.2 ശതമാനം ആണ്. കേരളത്തിൽ ഇത് 21.78 ശതമാനം ആണ്. ആ നിലയ്ക്ക് കേരളത്തിൽ പതിനഞ്ചാമതായി ഒരു ജില്ല വേണ്ടിവരും. അമ്പതിലേറെ ഓഫീസുകളും കൂടാതെ ചരിത്ര, സാംസ്കാരിക, വിദ്യാഭ്യാസ, വാണിജ്യ കേന്ദ്രവുമായ ഇരിങ്ങാലക്കുട പതിനഞ്ചാമത്തെ ജില്ലയായി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജില്ലാ പുനഃസംഘടനയെപ്പറ്റി സർക്കാർ ഇതുവരെ ചിന്തിച്ചിട്ടില്ല. താലൂക്ക് പുനഃസംഘടന യെപ്പറ്റിയുള്ള സുന്ദരേശൻ കമ്മീഷന്റെ റിപ്പോർട്ട് വന്നാലുടൻ അതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യവും വിലയിരുത്തുന്നതാണ്. വിലയിരുത്തിയിട്ട് ആവശ്യമായ തീരുമാനങ്ങൾ ഗവൺമെന്റ് എടുക്കാം.

(33) പത്രപ്രവർത്തകരുടേയും ദൃശ്യ-ശ്രവണ മാധ്യമങ്ങളിലെ ജോലിക്കാരുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പത്രപ്രവർത്തകർക്കും ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു വേജ് ബോർഡ് രൂപീകരിക്കാൻ കേന്ദ്ര സർക്കാരിൽ ഈ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്നും ഇവിടെ ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അപേക്ഷിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പത്രപ്രവർത്തകർക്കുള്ള വേജ്ബോർഡ് ഏർപ്പെടുത്തുന്നത് കേന്ദ്ര ഗവൺമെന്റാണ്. രണ്ടായിരാമാണ്ടിലാണ് ആറാമത് വേജ് ബോർഡ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. ദൃശ്യ മാധ്യമങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വേജ് ബോർഡ് ഏർപ്പെടുത്തണമെന്ന് അവരുടെ സംഘടനകൾ കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം, പത്രപ്രവർത്തകർക്കും ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ പ്രവർത്തിക്കു ന്നവർക്കും വേജ് ബോർഡ് ഏർപ്പെടുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ആ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് ശ്രമം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly